# رسالة من شيخ الإسلام ابن تيمية رحمه الله تعالى إلى والدته وردها عليه

## ഷെയ്ഖുൽ ഇസ്‌ലാം ഇബ്നു തയ്മിയ തന്റെ ഉമ്മാക്ക് എഴുതിയ കത്തും ഉമ്മയുടെ മറുപടിയും

المرجع:مجموع الفتاوى48/28

ജനങ്ങളെ ദീൻ പഠിപ്പിക്കാൻ വേ□ ി മിസ്‌റിൽ താമസിച്ചിരുന്നത് ഒരു നിർബന്ധ ബാധ്യതയായിട്ടാണ ഷെയ്ഖുൽ ഇസ്‌ലാം ക□ ിരുന്നത്.ആ സമയത്ത് തന്റെ മാതാവിനോട് കാരണം ബോധിപ്പിച്ചു കൊ□ ഴുതിയ കത്താണിത്..

Aloloom മലയാളം
www.aloloommalayalam.blogspot.com

അദ്ദേഹം എഴുതി:

സൗഭാഗ്യവതിയായ എന്റെ ഉമ്മാക്ക് അഹ്മദ് ബ്നു തയ്മിയ എഴുതുന്നു…

അല്ലാഹു അവന്റെ അനുഗ്രഹങ്ങൾ കൊണ്ട് അവർക്ക് കണ്ണിന് കുളിർമ്മ നൽകട്ടെ, തന്റെ വിശാലമായ ഔദാര്യം അവരുടെ മേൽ വർഷിപ്പിക്കട്ടെ, തന്റെ ദാസിമാരിലും സേവകമാരിലും അവരെ അവൻ ഉൾപ്പെടുത്തട്ടെ...

سلام عليكم، ورحمة الله وبركاته

നിങ്ങളിലേക്ക് ഞാൻ അല്ലാഹുവിനെ സ്തുതിക്കുന്നു അവനല്ലാതെ വേറെ ഇലാഹ് ഇല്ല, അവൻ ഹംദ് അർഹിക്കുന്നവനാണ്, അവൻ എല്ലാത്തിനും കഴിവുള്ളവനാണ്, നബിമാരിൽ അവസാനത്തെ ആളും മുത്തഖീങ്ങളുടെ ഇമാമുമായ റസൂലുല്ലാക്ക് ഗുണം ചെയ്യാൻ ഞാൻ അവനോട് ആവശ്യപ്പെടുകയാണ്,

എന്റെ ഈ കത്ത് നിങ്ങളിലേക്ക് ഞാൻ എഴുതുന്നത് അല്ലാഹുവിൽ നിന്നുള്ള മഹത്തായ അനുഗ്രഹങ്ങളെ കുറിച്ചാണ്, അത് പോലെ ഉന്നതമായ അവന്റെ ഔദാര്യങ്ങളെ കുറിച്ചും അവന്റെ അടുത്ത് നിന്നുള്ള വലിയ അനുഗ്രഹങ്ങളെ കുറിച്ചും അതിന്റെ പേരിൽ നാം അല്ലാഹുവിന് നന്ദി പറയുകയാണ്. അവന്റെ ഔദാര്യം ഇനിയും വർദ്ധിപ്പിച്ചു തരാൻ ആവശ്യപ്പെടുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹം വരുമ്പോഴൊക്കെയും അത് വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്.

നിങ്ങൾക്ക് അറിയാമല്ലോ, ഈ സമയം ഈ നാട്ടിൽ ഞാൻ താമസിക്കുക എന്നത് ദീനിന് സേവനം ചെയ്യാൻ വേണ്ടിയും അനിവാര്യമായ ചില കാരണങ്ങൾ കൊണ്ടുമാണ്, നമ്മൾ അത് പാഴാക്കിയാൽ ദീനിന്റെയും ദുന്യാവിന്റെയും കാര്യം ഫസാദാകും, നിങ്ങളിൽ നിന്ന് വേറിട്ട് ജീവിക്കുക എന്നത് അല്ലാഹുവാണെ സത്യം ഞാൻ സ്വയം തിരഞ്ഞെടുത്തതും അല്ല, പക്ഷികൾക്ക് എന്നെ വഹിച്ച് യാത്ര ചെയ്യാൻ സാധിക്കുമായിരുന്നെങ്കിൽ ഞാൻ നിങ്ങളുടെ അടുത്ത് വരുമായിരുന്നു, പക്ഷെ ദൂരെ നിൽക്കുന്ന ഒരാൾക്ക് തന്റെ

ഒഴിവ് കഴിവുണ്ട്. കാര്യങ്ങളുടെ ഉള്ള്കള്ളികൾ നിങ്ങൾക്ക് അറിയാമായിരുന്നെങ്കിൽ അൽ-ഹംദുലില്ലാഹ് ഈ സമയത്ത് നിങ്ങളും ഇത് തന്നെയാണ് തിരഞ്ഞെടുക്കുക. എന്നാലും എന്നും ഇവിടെ നിൽക്കാൻ ഞാൻ ഉറപ്പിച്ചിട്ടില്ല, ഇവിടെ കൂടാനും വിചാരിച്ചിട്ടില്ല. ഒരു മാസം പോലും ഇവിടെ ജീവിക്കാൻ ഞാൻ വിചാരിച്ചിട്ടില്ല, ഒരോ ദിവസവും എനിക്കും നിങ്ങൾക്കും വേണ്ടി ഞാൻ ഇസ്തിഖാറ നമസ്കരിക്കും, നമുക്കൊക്കെ വേണ്ടി ഖൈർ കിട്ടാൻ വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു ̈, എനിക്കും നിങ്ങൾക്കും എല്ലാ മുസ്ലിംകൾക്കും ഖൈറും ആഫിയത്തും എന്നും നൽകണേ എന്ന് ഞാൻ പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയാണ്.

ഇങ്ങനെയൊക്കെ ആണെങ്കിലും അള്ളാഹു ഖൈറിന്റെയും ഹിദായത്തിന്റെയുമൊക്കെ വാതിലുകൾ തുറന്നിട്ടുണ്ട്. നമ്മുടെ ചിന്തയിൽ പോലും ഇല്ലാതിരുന്ന കാര്യങ്ങൾ നമ്മുടെ സങ്കൽപ്പത്തിൽ പോലും ഇല്ലാതെ കടന്നു വന്ന കാര്യങ്ങൾ.. ഒരോ സമയവും നാം യാത്ര ചെയ്യാൻ ഉദ്ദേശിക്കുകയാണ്, അള്ളാഹുവിനോട് ഇസ്തിഖാറ നടത്തി കൊണ്ടിരിക്കുകയാണ് നിങ്ങളുടെ അടുത്ത് നിൽക്കുന്നതിനേക്കാൾ ദുനിയാവിൽ വേറെ ഒരു ഇഷ്ടം ഉണ്ടെന്ന് ആരും വിചാരിക്കുന്നില്ല, നിങ്ങളുടെ അടുത്ത് നിൽക്കാതിരിക്കുക എന്നത് ദുനിയാവ് പോയിട്ട് ദീനിന്റെ ഒരു കാര്യത്തിനു പോലും എനിക്ക് ഇഷ്ടമല്ല, പക്ഷെ ചില വലിയ വലിയ വിഷമങ്ങൾ കൊണ്ട് അത് ഇസ്ലാമിനെയും മുസ്ലിംകളെയും ബാധിക്കുന്നതാണ്, അത് കൈവിട്ടാൽ പൊതു ജനങ്ങൾക്കും അല്ലാത്തവർക്കും അത് ബാധിക്കും. ഇവിടെ ഹാജറുള്ളവനു ഇവിടെ ഇല്ലാത്തവനു കാണാത്തത് കാണാൻ സാധിക്കും, ഞാൻ ആവശ്യപ്പെടുന്നത് ഖൈറിനു വേണ്ടി ധാരാളം പ്രാർത്ഥിക്കാനാണ് അള്ളാഹുവാണ് എല്ലാം അറിയുന്നവൻ നമുക്ക് അറിവില്ല, അവനാണ് വിധിക്കുന്നവൻ നമ്മളല്ല, അവൻ മറഞ്ഞ കാര്യങ്ങൾ അറിയുന്നവനാണ്..



Aloloom മലയാളം

**السلام عليكم ورحمة الله وبركاته، كثيرا كثيرا**

വീട്ടിലുള്ള എല്ലാവർക്കും സലാം.ചെറിയവർക്കും മുതിർന്നവർക്കും എല്ലാ അയൽ വാസികൾക്കും അത് പോലെ കുടുംബക്കാർക്കും സുഹൃത്തുക്കൾക്കും ഒരോരുത്തർക്കും...

**والحمد لله رب العالمين وصلى الله على محمد وآله وصحبه وسلم تسليما**

## ഉമ്മയുടെ മറുപടി...

എന്റെ സ്നേഹമുള്ള എനിക്ക് തൃപ്തിയുള്ള മകനേ..

**وعليك السلام ورحمة الله وبركاته ، ومغفرته ورضوانه**

അള്ളാഹുവാണെ സത്യം ഇതിനു വേണ്ടിയാണ് ഞാൻ നിന്നെ വളർത്തിയത്. ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ഖിദ്മത്ത് ചെയ്യാൻ വേണ്ടിയാണ് നിന്നെ നേർച്ചയാക്കിയത്, ദീനിന്റെ ശരീ'അത്താണ് ഞാൻ നിന്നെ പഠിപ്പിച്ചത്, നീ എന്റെ അടുക്കൽ ഇരിക്കുന്നതാണ് എല്ലാ മുസ്‌ലിംകൾക്കും നാടിനും ദീനിനും വേണ്ടി സേവനം ചെയ്യുന്നതിനേക്കാൾ എനിക്കിഷ്ടം എന്ന് നീ വിചാരിക്കരുത്, എന്ന് മാത്രമല്ല മോനേ.. നിന്നെക്കുറിച്ച് ഞാൻ ഏറ്റവും തൃപ്തിപ്പെടുന്നത് നിന്റെ ജീവിതം മുസ്‌ലിംകൾക്ക് എന്തടിസ്ഥാനത്തിലാണോ അതനസുരച്ചാണ് നിന്നെ ഞാൻ തൃപ്തിപ്പെടുക.. എന്റെ മകനേ നീ എന്റെ അടുത്ത് നിന്ന് വിട്ടു നിന്നത് ഞാൻ അള്ളാഹുവിന്റെ മുൻപിൽ നിന്ന് ചോദിക്കുകയില്ല, നീ എവിടെയാണ് എന്നും എന്താണ് ചെയ്യുന്നത് എന്നും എനിക്കറിയാം. മറിച്ച് അഹ്മദേ..അള്ളാഹുവിന്റെ മുൻപിൽ ഞാൻ ചോദിക്കും, ഞാൻ നിന്നെ വിചാരണ ചെയ്യും, 'അള്ളാഹുവിന്റെ ദീനിൽ നീ സേവനം ചെയ്യുന്നതിൽ വീഴ്ച

വരുത്തിയോ' എന്ന്, 'ആ ദീൻ പിന്തുടരുന്നവരായ മുസ്ലിംകൾക്കിടയിൽ നീ വീഴ്ച വരുത്തിയോ എന്നും',

അല്ലാഹു നിന്നെ തൃപ്തിപ്പെടട്ടെ..നിന്റെ വഴിയിൽ അല്ലാഹു വെളിച്ചം നൽകട്ടെ.. നിന്റെ കാലടികൾ അല്ലാഹു നേരെ ആക്കട്ടെ.. അല്ലാഹുവിന്റെ തണൽ അല്ലാതെ വേറെ തണൽ ഇല്ലാത്ത ദിവസം എനിക്കും നിനക്കും അവൻ തണൽ നൽകട്ടെ..

**والسلام عليكم ورحمة الله وبركاته**

Aloloom മലയാളം
www.aloloommalayalam.blogspot.com